# സർവതും പുനഃസൃഷ്ടിക്കുന്ന ദൈവത്തിന്റെ ബലഹീനത
**Fr. Martin Adayanthrath**



1982 ഇസ്രായേലും പലസ്തീനും തമ്മിൽ കൊടുംയുദ്ധം. യുദ്ധ മേഖലയിൽ അകപ്പെട്ടുപോയ 37 മന്ദബുദ്ധികൾ, അവർക്കുവേണ്ടി ലോകം മുഴുവൻ പ്രാർത്ഥിക്കുകയാണ്. കുട്ടികളെ രക്ഷപ്പെടുത്തു ന്നതിനുവേണ്ടി ഏതാനും മണിക്കൂർ നേരത്തേയ്ക്കു വെടിനിർത്തൽ പ്രഖ്യാപിക്കണം. 'ലോക പൊലീസ്' വേഷമണിയുന്ന രാജ്യങ്ങളൊ ക്കെ കിണഞ്ഞു ശ്രമിച്ചു. യുണൈറ്റഡ് നേഷൻസും പിൻവാങ്ങി. ഇതിനിടയിലെപ്പോഴോ മദർ തെരേസ ഇരുരാജ്യങ്ങളിലെയും ഭര ണാധികാരികളെ വിളിച്ചു സംസാരിക്കാനിടയായി. അതോടെ ഇരുരാജ്യങ്ങളും വെടിനിർത്തൽ പ്രഖ്യാപിച്ചു. അതു ചരിത്രമായി. ബലഹീനയായ ഈ കന്യാസ്ത്രീക്ക് ലോകനേതാക്കളേക്കാൾ എന്തധികാരമാണുള്ളത്? സ്വയം ത്യാഗത്തിനിറങ്ങിത്തിരിച്ച ബലഹീനയായ ഒരു കന്യാസ്ത്രീയുടെ അധികാരമല്ലാതെ?

ബലഹീനത വിജയം നേടുന്ന സന്ദർഭങ്ങൾ മനുഷ്യചരിത്രത്തിലുണ്ട്. മഹാത്മാ ഗാന്ധി രക്തം ചൊരിയാത്ത സമാധാനവിപ്ലവംകൊണ്ടു ചരിത്രം രചിച്ചു. ഫ്രാൻസിസ് അസ്സീസിയും സ്വയം ത്യാഗത്തിന്റെ ആഴങ്ങൾ തേടി ചരിത്രത്തെ സ്വാധീനിച്ചതാണ്. വിയാനിയും കോൾബയും അൽഫോൻസാമ്മയും തുടങ്ങി പലരും ബലഹീനതയെ സ്വന്തം പതാകയാക്കിയവരാണ്. വിജയം നേടാത്ത നിസ്സഹായതയുടെയും ബലഹീന തയുടെയും ചരിത്രങ്ങളും വ്യക്തികളും കോടാനുകോടി.

ഒരു മനുഷ്യൻ ബലഹീനത ഏറ്റെടുക്കുന്നതു പല കാരണങ്ങൾകൊണ്ടാവാം. അധികാരവും ശക്തിയും സമ്പത്തുംകൊണ്ടു നേടാനാവാത്തതു ബലഹീനത എന്ന ആയുധംകൊണ്ടു നേടാനാവും എന്നു ചിന്തിക്കുന്നതുകൊണ്ടാവാം, സ്വയംത്യാഗത്തെ ഒരു വിളിയായി സ്വീകരിക്കുമ്പോൾ അതു ബലഹീനതയുടെ ഏറ്റെടുക്കലായി ഗണി ക്കപ്പെടാം. ഒന്നും ചെയ്യാൻ സാധിക്കാത്ത പൂർണ നിസ്സഹായതയിൽ (നാസി തടങ്കൽ പ്പാളയത്തിൽ സംഭവിച്ചതുപോലെ) ബലഹീനതയെ വരിക്കുന്നവരുണ്ടാകാം. പക്ഷേ, ദൈവം ഏറ്റെടുത്ത ബലഹീനതയ്ക്ക് ഇതിനോടൊന്നും താരതമ്യമില്ല. എല്ലാം ഒറ്റ വാക്കാൽ സൃഷ്ടിച്ചവൻ, സർവസമ്പത്തിന്റെയും ശക്തിയുടെയും ഉടമ, എല്ലാ വിജയ ത്തിനും കഴിവുണ്ടായിരിക്കെ നടത്തിയ കുരിശിലെ സമ്പൂർണ കീഴടങ്ങൽ മനുഷ്യകുലത്തിന് നല്കുന്ന ഒരു വെളിപാടാണ്; മനുഷ്യാവതാരത്തിന് ഒപ്പം നില്ക്കുന്ന ഒരു വെളിപാട് - ദൈവ ത്തിന്റെ ബലഹീനതയുടെ വെളിപാട്. പതിനായിരക്കണക്കിനു സ്വസൈനികർ നോക്കിനില്ക്കെ പത്തോ ഇരുപതോ പേർ ചേർന്നു തന്നെ തല്ലിക്കൊല്ലുന്നതു നോക്കിനില്ക്കുവാൻ അനു വാദം കൊടുക്കുന്ന ഒരു രാജാവിനെപ്പോലെ ആയിരുന്നു ദൈവ ത്തിന്റെ ഈ പ്രവൃത്തി. സകല വിജയത്തിനും കഴിവുണ്ടായിരിക്കെ ഏറ്റെടുക്കുന്ന പരാജയം അതു വെളിപാടാണ്, രഹസ്യമാണ്.

''ഉണ്ടാകട്ടെ'' എന്ന ഒറ്റവാക്കാൽ ലോകത്തെ സൃഷ്ടിച്ചവൻ ''രക്ഷിക്കപ്പെടട്ടെ''

എന്നു മറ്റൊരു വാക്കാൽ ലോകത്തെ നവീ കരിച്ചില്ല. സൃഷ്ടിച്ചതിനെയൊക്കെ നവീകരിക്കേണ്ടിവന്ന പ്പോൾ ആദ്യം ചെയ്തതിനേക്കാൾ മഹനീയമായ ഒരു കർമം വേണമായിരുന്നു - ''ഒരു പുനഃസൃഷ്ടി''. അതിനു ദൈവം സ്വീക രിച്ച ശക്തിയുടെ പേരാണു 'ദൈവത്തിന്റെ ബലഹീനത'. സൃഷ്ടിയിൽ ശക്തി ധരിച്ച ദൈവം ''പുനഃസൃഷ്ടി''യിൽ ബല ഹീനത ധരിക്കുന്നു. രണ്ടാമത്തേതാണു കൂടുതൽ ശക്തവും സ്ഥിരവുമെന്നു ദൈവജ്ഞാനം വെളിപ്പെടുത്തുമ്പോൾ മറുത ലിക്കാതെ സ്വീകരിക്കാം. വിജയങ്ങളേക്കാൾ മനസ്സിനെ ഉഴുതു മറിക്കുന്നതും രൂപപ്പെടുത്തുന്നതും പരാജയമാണ്. അത്ഭുത ങ്ങൾക്കു നമ്മെ വിസ്മയിപ്പിക്കാനേ കഴിയൂ. രൂപാന്തരപ്പെടു ത്താൻ കഴിവില്ല.

ദൈവത്തിന്റെ ബലഹീനത അവന്റെ കരുണയോടു ചേർന്നു കിടക്കുന്നു. മുല കുടിക്കുന്ന കുഞ്ഞിനെ മറക്കാൻ പറ്റുമോ (ഏശ. 49:5). ഇസ്രായാലേ, ഞാൻ നിന്നെ എങ്ങനെ കൈവിടും? എന്റെ ഹൃദയം എന്നെ വിലക്കുന്നു (ഹോസി. 11:8). ഇത്രമേൽ ബലഹീനനാകുന്നതിനു കാരണം ദൈവം മക്കളെയോർത്തു കരയുന്ന സ്നേഹം മാത്രമായ ഒരമ്മയായതുകൊണ്ടാണ്. ദൈവം ഇനിമേൽ സൈന്യങ്ങളുടെ കർത്താവല്ല - ഒരമ്മയാണ്. ഇത്ര നിശ്ശബ്ദമായി സഹിക്കുവാൻ മനുഷ്യദൃഷ്ടിയിൽ ഒരമ്മയ്ക്ക ല്ലാതെ ആർക്കാണു സാധിക്കുന്നത്? ഓരോ കുഞ്ഞും പിറന്നുവീഴുന്നത് അമ്മയുടെ ശരീരത്തിലും മനസ്സിലും മുറിവുകൾ ഉണ്ടാക്കിക്കൊണ്ടാണ്. അവൻ വളർന്നു വലു താകുന്നതിനുമുമ്പ് എത്രയോ തവണ അവൻ അമ്മയ്ക്കു മുറിവുകൾ സമ്മാനി ച്ചിട്ടുണ്ടാകും. എത്രയൊക്കെ വേദനിപ്പിച്ചാലും അമ്മയ്ക്കു മകൻ ഒരു ബലഹീനത തന്നെയാണ് - ദൈവമെന്ന അമ്മയുടെ സ്നേഹം മറനീക്കി പുറത്തുവന്ന സമയമാണ് കാൽവരിയാഗം. ആ ബലഹീനത ദൈവം ഒളിച്ചുവച്ചില്ല; ഉയർത്തിക്കാട്ടി. മക്കൾ പ്രയോഗിക്കുന്ന അതേ ആയുധംകൊണ്ടു തിരിച്ചടിക്കുന്ന ശീലം അമ്മയ്ക്കില്ലല്ലോ.

ഒരു കഴുകന്റെ ശക്തിയളക്കുന്നത് അതിന്റെ ഇടത്തെ ചിറകിൽനിന്നു വലത്തെ ചിറകിലേക്കുള്ള നീളം അളന്നിട്ടാണത്രേ. ദൈവത്തിന്റെ ശക്തി അളക്കാൻ പറ്റുന്നത് തന്റെ പൂർണശക്തിയുടെ ചിറകിൽനിന്നു പൂർണ ബലഹീനതയുടെ ചിറകിലേക്കുള്ള വ്യാപ്തി അളക്കുമ്പോഴാണ്. അവൻ ജോബിനെയോ ജെറെമിയായെപ്പോലെയോ പ്രതികാരത്തിനുവേണ്ടി നിലവിളിച്ചില്ല. എന്തിന്? നീതിക്കുവേണ്ടിപ്പോലും കരഞ്ഞില്ല. ദൈവം എന്തിനും ശക്തനാണെന്നു തെളിയിച്ചതു കുരിശിലെ ബലഹീനതയുടെ നിമി ഷങ്ങളിലാണ്. പൂർണ ശക്തിയിൽനിന്നു പൂർണ ബലഹീനതയിലേക്ക്... ലോകം തന്നെ പുനഃസൃഷ്ടിക്കാൻ കഴിവുണ്ടെന്നു ദൈവം തന്റെ ജ്ഞാനത്താൽ മനസ്സി ലാക്കിയ ദൈവത്തിന്റെ ബലഹീനതയിലേക്ക്. അതിനു മകുടമായി ഒരു വാചകംകൂടി: പിതാവേ ഇവരോടു ക്ഷമിക്കണമേ...'' ലോകത്തിലെ ഒരു തിന്മയ്ക്കും തകർക്കാനാ വാത്ത പൂർണ ശക്തിയുടെയും പൂർണ ബലഹീനതയുടെയും വാക്കുകൾ... ദൈവം ഈ പുത്രനോടു നീതി കാട്ടിയില്ലെന്നു നാം വിചാരിച്ചു. പക്ഷേ, പുത്രൻ ''ക്ഷമിക്കണമേ'' എന്നു പ്രാർത്ഥിച്ച എല്ലാവർക്കും രക്ഷ കൊടുത്തു പിതാവു നീതി കാട്ടി. പാപിക്ക് അവർ അർഹിക്കുന്നതല്ല (ശിക്ഷ) അവർക്കാവശ്യമായതു (നീതീകരണം) കൊടുത്തു. ദൈവത്തിന്റെ ബലഹീനത, നമ്മെ നീതീകരിക്കുന്നതിനുവേണ്ടിയായിരുന്നു.

നമ്മുടെ ശബ്ദംകൊണ്ടും ശക്തികൊണ്ടും നീതീകരിക്കപ്പെടുന്നവരെക്കാളേറെ നമ്മുടെ ബലഹീനതകൾകൊണ്ടും നിശ്ശബ്ദതകൊണ്ടും നീതീകരിക്കപ്പെടും.